"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീ. ചാരുമിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ (u /s ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 1534/2025 നമ്പർ കേസിന്മേലുള്ള 27/08/2025- ലെ ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1119/2025/AGRI തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 30/05/2025 ലെ ADFW/4894/2025-SB2 നമ്പർ കത്ത്
2. സ.ഉ.(സാധാ) നം. 614/2025/കൃഷി തീയതി 20/06/2025
3. ശ്രീ. ചാരുമിത്രൻ.കെ -യുടെ 12/08/2025 ലെ Annexure A6 നിവേദനം
4. ശ്രീ. ചാരുമിത്രൻ.കെ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1534/2025 നമ്പർ കേസിലെ 27/08/2025 ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കല്ലൂർക്കാട് കൃഷി ഓഫീസറായിരുന്ന ( കൃഷി അസിസ്റ്റന്റ് ഡയറക്ടർ u/s) ശ്രീ. ചാരുമിത്രൻ.കെ-യ്ക്കെതിരെ കർഷകന് സർക്കാർ അനുവദിച്ച പണം അപഹരിച്ചതിന് കല്ലൂർക്കാട് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 78/2016-ന്റെ CC No.795/18 നമ്പർ കേസിന്മേലുള്ള ബഹു. മൂവാറ്റുപുഴ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ 22/11/2024 തീയതിയിലെ വിധിന്യായം പ്രകാരം ശ്രീ. ചാരുമിത്രൻ.കെ-യെ ഇന്ത്യൻ ശിക്ഷ നിയമം സെക്ഷൻ 403, 409 പ്രകാരമുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കുകയും ഐ.പി.സി. സെക്ഷൻ 409 പ്രകാരം മൂന്ന് വർഷത്തെ കഠിന തടവും 10,000/-രൂപ പിഴയും, പിഴ തുക അടയ്ക്കാത്ത പക്ഷം ഐ.പി.സി. സെക്ഷൻ 465 പ്രകാരം ഒരു വർഷം വരെ സാധാരണ തടവ് ശിക്ഷയും വിധിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് Kerala Services Rules Part I , ചട്ടം 57 ,58 , KCS (CC&A) Rules ,1960 ചട്ടം 10 ,18 (a) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ചാരുമിത്രൻ കെ.-യെ സർവ്വീസിൽ നിന്നും സസ്പെൻഡ്

ചെയ്തുകൊണ്ട് ഉത്തരവാകുകയുണ്ടായി.

2. ശ്രീ ചാരുമിത്രൻ കെ. ബഹു. എറണാകുളം ജില്ലാ കോടതിയിൽ നൽകിയ അപ്പീൽ അപേക്ഷ പ്രകാരം എറണാകുളം ജില്ലാ കോടതിയുടെ **Crl.MP.No.5627/2024** കേസിലെ **04/08/2025** തീയതിയിലെ ഉത്തരവിൽ മൂവാറ്റുപുഴ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ **22/11/2024** -ലെ വിധി നടപ്പാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട് എന്നും ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തന്നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത ഉത്തരവ് പിൻവലിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും അപേക്ഷിച്ച് ശ്രീ. ചാരുമിത്രൻ.കെ പരാമർശം (3) പ്രകാരം **Annexure A6** നിവേദനം സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തതതിനെതിരെ ശ്രീ. ചാരുമിത്രൻ.കെ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം ബെഞ്ചിന് മുമ്പാകെ ഫയൽ ചെയ്ത **OA 1534/2025** നമ്പർ കേസിലെ പരാമർശം (4) ഉത്തരവിൽ ഒന്നാം എതിർകക്ഷിയോട് (പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്) ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ 6 ആഴ്ചയ്ക്കുള്ളിൽ, ശ്രീ. ചാരുമിത്രൻ.കെ സമർപ്പിച്ച പരാമർശം (2) **Annexure A6** നിവേദനം പരിഗണിച്ച് തീർപ്പാക്കുന്നതിന് ഉത്തരവായിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലാ കോടതിയുടെ **Crl.MP.No.5627/2024** കേസിലെ **04/08/2025** തീയതിയിലെ ഉത്തരവിൽ ശ്രീ.ചാരുമിത്രനെതിരെയുള്ള **conviction suspend** ചെയ്തിട്ടുണ്ടെങ്കിലും സസ്പെൻഷൻ നടപടികൾ പുനഃപരിശോധിക്കുന്നതു സംബന്ധിച്ചു പ്രസ്തുത കേസിൽ പരാമർശമില്ല. മേൽ സാഹചര്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത ഉത്തരവ് പിൻവലിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർ ത്ഥിച്ച് ശ്രീ. ചാരുമിത്രൻ.കെ, സമർപ്പിച്ച പരാമർശം (3) **Annexure A6** നിവേദനത്തിലെ ആവശ്യം **KCS(CC&A) Rules, 1960**-ലെ **Rule 18 (a)** - യുടെ അടിസ്ഥാനത്തിൽ നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, **OA 1534/2025** നമ്പർ കേസിന്മേലുള്ള പരാമർശം (4) ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീ ചാരുമിത്രൻ കെ.,കൃഷി അസിസ്റ്റന്റ് ഡയറക്ടർ (u/s) (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/51/2025-AGRI Part(1))**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 19-11-2025 15:30:25
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി എസ്- ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.- ക്ക്
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.- ക്ക്